## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **7219** 16/07/2012-ൽ മറുപടിയ്ക്ക്

### ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്താനുള്ള ക്രമീകരണങ്ങൾ

**ചോദ്യം**

ശ്രീമതി. കെ. കെ. ലതിക

(എ) ലാന്റ് അക്വിസിഷന്റെ നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ ക്രമീകരണങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) (ബി) (സി) & (ഡി) കേന്ദ്ര സർക്കാരിന്റെ 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ചാണ് സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടർന്ന് വരുന്നത്. ഇതിനോടൊപ്പം 15-11-2011-ലെ ജി.ഒ. (എം.എസ്) 419/11/റവ നമ്പർ ഉത്തരവ് പ്രകാരം സമഗ്രമായ ഒരു പുനരധിവാസ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 03-05-2012-ലെ സ.ഉ.(എം.എസ്) 182/12/റവ നമ്പർ ഉത്തരവ് പ്രകാരം ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ രൂപീകരിച്ച് ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. ഇത് സംബന്ധിച്ച മേൽ ഉത്തരവുകൾ അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ.

## അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്